പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.254</u> — <u>03.02.2020 ൽ മറുപടിക്ക്</u>

## കോഴിക്കോട് ചേവായൂർ ത്വക്ക് രോഗാശുപത്രി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ. പ്രദീപ്കുമാർ | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ചേവായൂർ ത്വക്ക് രോഗാശുപത്രിയിൽ ഭക്ഷ്യ - ഭക്ഷ്യേതര സാധനങ്ങൾ വിതരണം ചെയ്ത വകയിൽ പേഷ്യന്റ്സ് സഹകരണ സംഘത്തിന് 2004 ഏപ്രിൽ മുതൽ ലഭിക്കേണ്ട കുടിശ്ശിക തുക ലഭിക്കുന്നതിന് സംഘത്തിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടോ; | (എ),<br>(ബി),<br>(സി)<br>&<br>(ഡി) | കോഴിക്കോട് ചേവായൂർ സർക്കാർ ലെപ്രസി ആശുപത്രിയിൽ ഭക്ഷ്യ-ഭക്ഷ്യേതര സാധനങ്ങൾ വിതരണം ചെയ്തുവരുന്നത് ടി ആശുപത്രിയിൽ തന്നെ പ്രവർത്തിച്ചു വരുന്ന അവശരും നിരാലംബരുമായ രോഗികൾ മെമ്പർമാർ ആയ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. പൊതു മാർക്കറ്റിൽ നിന്നും സൊസൈറ്റി വാങ്ങി വിതരണം ചെയ്യുന്ന സാധനങ്ങളുടെ വിലയും സർക്കാർ ബ്യൂറോ (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്) നിരക്ക് പ്രകാരമുള്ള വിലയും തമ്മിൽ വലിയ അന്തരമുള്ളതിനാൽ ടി സൊസൈറ്റിയ്ക്ക് വൻ നഷ്ടം സഹിക്കേണ്ടി വന്നിട്ടുണ്ടെന്നും ആയതിനാൽ 2004 ഏപ്രിൽ മുതൽ 2008 മാർച്ച് വരെയുള്ള കാലയളവിൽ ടി സൊസൈറ്റിക്ക് ഉണ്ടായ നഷ്ടം നികത്തുന്നതിനായി ഭക്ഷ്യ-ഭക്ഷ്യേതര സാധനങ്ങളുടെ നിരക്ക് ബ്യൂറോ നിരക്കിനേക്കാൾ 35% മുതൽ 50% വരെ വർദ്ധിപ്പിക്കുന്നതിനായുള്ള ടി സൊസൈറ്റിയുടെ 02.02.2017-ലെ നിവേദനം ബഹു.കോഴിക്കോട് നോർത്ത് എം.എൽ.എ. മുഖാന്തിരം സർക്കാരിൽ ലഭിക്കുകയും ആയത് 11.07.2017-ൽ അടിയന്തിര റിപ്പോർട്ടിനായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അയയ്ക്കുകയും ചെയ്തിരുന്നു. അതിൻപ്രകാരം 01.02.2020 ൽ സർക്കാരിൽ ലഭിച്ച ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 13.11.2019 തീയതിയിലെ എ.ബി.3-43531/2019/ ആ.വ.ഡ. നമ്പർ റിപ്പോർട്ടിൽ 2004- ഏപ്രിൽ മുതൽ 2008 മാർച്ച് വരെ ടി സൊസൈറ്റിയ്ക്ക് ഉണ്ടായ നഷ്ടം (ബ്യൂറോ നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ |
| (ബി) | ഉണ്ടെങ്കിൽ ഈ അപേക്ഷ എന്നാണ് കോഴിക്കോട് ഡി.എം.ഒ.യിൽ ലഭിച്ചതെന്നും എന്തെല്ലാം തുടർ നടപടികളാണ് അപേക്ഷയിന്മേൽ സ്വീകരിച്ചതെന്നും തീയതികൾ സഹിതം വ്യക്തമാക്കാമോ; | | |
| (സി). | അപേക്ഷയിന്മേൽ നടപടികൾ സ്വീകരിക്കുന്നതിന് കാലതാമസം നേരിട്ടതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | | |
| (ഡി) | ഈ തുക അടിയന്തരമായി സംഘത്തിന് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ ? | | |

| | | | |
|---|---|---|---|
| | | | സാധനങ്ങൾ വിതരണം ചെയ്ത വകയിൽ) എത്രയെന്നോ, ബ്യൂറോ നിരക്കിനേക്കാൾ എത്ര ശതമാനം ഉയർത്തിയാൽ സൊസൈറ്റിയ്ക്ക് ഉണ്ടായ നഷ്ടം നികത്താൻ കഴിയുമെന്നോ ഇല്ല. ആയതിനാൽ ഇവ സംബന്ധിച്ച് പരിശോധനകൾ നടത്തി വ്യക്തമായ ശുപാർശ സഹിതം ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

Hari

സെക്ഷൻ ഓഫീസർ